(ബി) ഇതിനുള്ള കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഭാവിയിൽ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. മുമ്പ് കോവളം മാത്രമായിരുന്നു സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാരകേന്ദ്രം. ഒട്ടനവധി പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കുകയും ആ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അത്തരം കേന്ദ്രങ്ങളിലേക്കുകൂടി കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾ പോകുന്നതു കൊണ്ടാണ് പ്രധാനമായും കോവളത്ത് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നത്. മലബാർ മേഖലയിൽ ടൂറിസത്തിനുണ്ടായ വളർച്ചയും മറ്റൊരു കാരണമാണ്.

(സി) സ്വീകരിക്കുന്നതാണ്.

കോന്നി ആനക്കൂടിനോടനുബന്ധിച്ച് കുട്ടികളുടെ പാർക്ക്

191 (193) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ആനക്കൂടിനോടനുബന്ധിച്ച് കുട്ടികളുടെ പാർക്കും സുവോളജിക്കൽ പാർക്കും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നടപടി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ സ്ഥാപിക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(സി) ഇതിനായി ഇതുവരെ എന്തു തുക ചെലവായി ;

(ഡി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്. 17-2-1997-ലാണ് ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. 1998 ഏപ്രിൽ മാസത്തിൽ ഇതിന്റെ പണി ആരംഭിച്ചു.

(ബി) ഇതിന്റെ നിർമ്മാണത്തിനുവേണ്ടി ടൂറിസം വകുപ്പിൽനിന്നും പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽവഴി അഞ്ചുലക്ഷം രൂപ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം അടുത്ത ഗഡു നൽകുന്നതിനുമുൻപായി ഡി.റ്റി.പി.സി. ചെയർമാൻകൂടിയായ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാകളക്ടറും കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും കക്ഷികളായി ചേർന്ന് ഒരു ഉടമ്പടി തയ്യാറാക്കുകയും ചെയ്തു. എന്നാൽ കോന്നി ഡി.എഫ്.ഒ പരസ്പരം സമ്മതിച്ച നിബന്ധനകളിൽ പിന്നീട് മാറ്റം വരുത്തിയതിനാൽ ഉടമ്പടി നടപ്പിൽ വരുത്താൻ ഇതുവരെ സാധിച്ചിട്ടില്ല എന്നാണ് മനസിലാക്കുന്നത്. പദ്ധതി ഡി.എഫ്.ഒ. യുടെ മാത്രം നിയന്ത്രണത്തിലും നിർദ്ദേശത്തിലും മാത്രമേ പ്രവർത്തിക്കാവൂ എന്ന വനം വകുപ്പിന്റെ തീരുമാനമാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസമുണ്ടാക്കുന്നതെന്ന് മനസ്സിലാക്കുന്നു. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് നടപ്പിലാക്കുന്നതിന് സഹകരിക്കാൻ വനം വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇതുവരെ ടൂറിസം വകുപ്പ് അഞ്ചുലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ അനുകൂല തീരുമാനമാകുന്ന മുറയ്ക്ക് ഇതിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ടൂറിസം മേഖലയിലെ നേട്ടങ്ങൾ

192 (194) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ ;

(ബി) കെ. ടി. ഡി. സി. സ്വകാര്യവൽക്കരിക്കുവാനും ജീവനക്കാരുടെ അംഗസംഖ്യയിൽ കുറവു വരുത്താനും പദ്ധതിയുണ്ടോ ;

(സി) ടൂറിസം വ്യവസായ പരിപോഷണത്തിനുതകുന്ന എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അതുവഴി തൊഴിൽ രംഗത്തും സാമ്പത്തികരംഗത്തും പരമാവധി നേട്ടങ്ങൾ കൈവരിക്കാനുള്ള ശ്രമങ്ങൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കൂടുതൽ ടൂറിസ്റ്റ് ആകർഷക സൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചിട്ടുണ്ട്. അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക വഴിയും വേണ്ട പ്രോത്സാഹനങ്ങളും മറ്റു സൗകര്യങ്ങളും നൽകുക വഴിയും സ്വകാര്യമേഖലയിൽ ഈ രംഗത്ത് വർദ്ധിച്ച മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ ടൂറിസം വകുപ്പു മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ, ബേക്കൽ

LIBRARY ARCHIVES Kerala Legislative Assembly